**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 178** **23-08-2022 - ൽ മറുപടിയ്ക്ക്**

**പെരിട്ടോണിയിൽ ഡയാലിസിസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വൃക്ക രോഗികൾക്ക് സഹായകരമാകുന്ന പെരിട്ടോണിയിൽ ഡയാലിസിസ് പദ്ധതി വ്യാപകമായി ഉപയോഗപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ; | (എ) | പെരിട്ടോണിയൽ ഡയാലിസ്സിസ് പദ്ധതിയ്ക്കായി ആരോഗ്യവകുപ്പ് ഓരോ ജില്ലയിലേയും ഒരു പ്രധാന ആശുപത്രി പൈലറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുകയും അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് പെരിട്ടോണിയൽ ഡയാലിസ്സിസിൽ വിദഗ്ധ പരിശീലനം നൽകുകയും ആശുപത്രികളിൽ ഇതു സംബന്ധമായ ബോധവത്കരണ ക്ലാസുകളും നടത്തി വരികയും ചെയ്യുന്നുണ്ട്. പെരിട്ടോണിയൽ ഡയാലിസ്സിസിന് ആവശ്യമായ ഡയാലിസ്സിംഗ് ഫ്ലൂയിഡും, മറ്റ് അനുബന്ധ ഉപകരണങ്ങളും രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ആശുപത്രികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>സർക്കാർ മെഡിക്കൽ കോളേജുകളിൽ CAPD പ്രോഗ്രാം മുഖേന പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ രോഗികളെ KASP അല്ലെങ്കിൽ കാരുണ്യ സ്കീമിൽ ഉൾപ്പെടുത്തി ചികിത്സയ്ക്കാവശ്യമായ മരുന്നും സാമഗ്രികളും സൗജന്യമായി ലഭ്യമാക്കുന്നുണ്ട്. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ പെരിട്ടോണിയൽ ഡയാലിസിസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കോഴിക്കോട് ജില്ലയിൽ ജനറൽ ആശുപത്രി (ബീച്ച് ഹോസ്പിറ്റൽ) യിലാണ് പെരിറ്റോണിയൽ ഡയാലിസ്സിസിനുള്ള സൗകര്യം ഒരുക്കിയിട്ടുള്ളത്. നിലവിൽ കത്തീഡ്രൽ നിക്ഷേപിക്കുന്നതിനുള്ള സൗകര്യം ജനറൽ ആശുപത്രിയിൽ ഇല്ലാത്തതിനാൽ കോഴിക്കോട് മെഡിക്കൽ കോളേജുമായി സഹകരിച്ചു കൊണ്ടാണ് ഈ പ്രക്രിയ നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ